## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2191. 20.06.2012-ൽ മറുപടിയ്ക്ക്**

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിൽപ്പന കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില പൊതു വിപണിയിൽ നിയന്ത്രിച്ചു നിർത്തുക, പാവപ്പെട്ട രോഗികൾക്ക് വളരെ വിലകുറച്ച് മരുന്നുകൾ ലഭ്യമാക്കുക, എന്നീ ഉദ്ദേശത്തോടു കൂടിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി ആരംഭിക്കുന്നത്. പൊതു വിപണിയിലുള്ളതിനേക്കാൾ വളരെ കുറഞ്ഞ വിലയിൽ (20% മുതൽ 90% വരെ) എല്ലാ ബ്രാൻഡഡ് മരുന്നുകളും പ്രസ്തുത ഫാർമസി വഴി ലഭ്യമാകും. |
| (ബി) | എത്ര വിൽപ്പന കേന്ദ്രങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം പ്രവർത്തിക്കുന്നത്. | (ബി) | പരീക്ഷണാടിസ്ഥാനത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ രണ്ട് ഔട്ട്ലെറ്റുകൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒ.പി.ക്ക് സമീപവും, കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ആരംഭിച്ചു കഴിഞ്ഞു. ഇത് സംസ്ഥാനത്ത് ഒട്ടാകെ വ്യാപിക്കുന്നതിന്റെ ഭാഗമായി 35 കമ്മ്യൂണിറ്റി ഫാർമസി കേരളത്തിലുടനീളം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതിനായി ഇതുവരെ സർക്കാർ ചെലവാക്കിയ തുകയെത്ര; മരുന്നുകൾക്കുള്ള സർക്കാർ സബ്സിഡി ഇനത്തിൽ എന്തു തുക ചെലവഴിച്ചു; | (സി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി ആരംഭിക്കുന്നതിനുള്ള വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | എല്ലാ ജീവൻ രക്ഷാ മരുന്നുകളും കാരുണ്യ ഫാർമസി വഴി ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | നീതി മെഡിക്കൽ സ്റ്റോറുകളും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുത്താമോ? | (ഇ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി ആരംഭിച്ചിട്ടേയുള്ളു. പദ്ധതി പൂർണ്ണമായി നിലവിൽ വന്നതിനു ശേഷമേ നീതി മെഡിക്കൽ സ്റ്റോറുകളും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ